"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സർക്കാർ ഗ്യാരണ്ടിയോടെ ഹഡ്കോയിൽ നിന്നും കെ.യു.ആർ . ഡി.എഫ്.സി മുഖേന 1500 കോടി രൂപയുടെ വായ്പയെടുക്കുന്നതിന്, വ്യവസ്ഥകളോടെ തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ )വകുപ്പ്**

സ.ഉ.(കൈ) നം.155/2025/LSGD തീയതി,തിരുവനന്തപുരം, 21-08-2025

---

പരാമർശം:- 1. സ.ഉ(സാധാ) നം.2806/2022/തസ്വഭവ തീയതി 15/11/2022

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23/06/2025 ലെ ലൈഫ് 2020/എൽ.എം6/പ്രോജക്റ്റ് നമ്പർ കത്ത്.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രഖ്യാപനത്തിൽ ലൈഫ് ഭവനപദ്ധതി പ്രകാരം ഒരു ലക്ഷം വീടുകളുടെ നിർമ്മാണ പൂർത്തീകരണം ലക്ഷ്യമിട്ടിരുന്നു. എന്നാൽ ആവശ്യത്തിന് വായ്പാ വിഹിതം ലഭ്യമല്ലാതിരുന്നതിനാൽ ഈ ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചില്ല. കരാറിലേർപ്പെട്ട് നിർമ്മാണം ആരംഭിച്ച വീടുകളിൽ, ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയാതിരുന്ന 95,922 വീടുകളും, 2025-26 വർഷത്തിൽ കരാറിലേർപ്പെട്ട 31,679 വീടുകളും ഉൾപ്പെടെ 1,27,601 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. ടി വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് വായ്പ വിഹിതം കണ്ടെത്തേണ്ടതുണ്ട്.

2. പരാമർ ശം 1 ഉത്തരവ് പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകി ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഈ സാഹചര്യത്തിൽ നിലവിൽ നിർമ്മാണ പുരോഗതിയിലുള്ള 1,27,601 വീടുകൾക്ക് വായ്പ വിഹിതം ലഭ്യമാക്കുന്നതിന് 1100 കോടി രൂപയും ലൈഫ് ലിസ്റ്റിൽ പട്ടികജാതി, പട്ടിക വർഗ്ഗ ഗുണഭോക്താക്കൾ കൂടുതലായി ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ ടി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അവദിക്കുന്നതിന് 400 കോടി രൂപയും ഉൾപ്പെടെ ആകെ 1500 കോടി രൂപ, 2025-26-ൽ 750 കോടി രൂപയും 2026-27ൽ 750 കോടി രൂപയും എന്ന രീതിയിൽ സർക്കാർ ഗ്യാരണ്ടിയോടെ ഹഡ്കോയിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി മുഖേന വായ്പയെടുക്കുന്നതിന് പരാമർശം 2 പ്രകാരം ലൈഫ് മിഷൻ പ്രൊപ്പോസൽ ലഭ്യമാക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് ലൈഫ് പദ്ധതി പ്രകാരം, നിലവിൽ നിർമ്മാണ പുരോഗതിയിലുള്ള 1,27,601 വീടുകൾക്ക് വായ്പ വിഹിതം ലഭ്യമാക്കുന്നതിനു 1100 കോടി രൂപയും, ലൈഫ് ലിസ്റ്റിൽ പട്ടികജാതി, പട്ടിക വർഗ്ഗ ഗുണഭോക്താക്കൾ കൂടുതലായി ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ ടി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അവദിക്കുന്നതിന് 400 കോടി രൂപയും ഉൾപ്പെടെ ആകെ 1500 കോടി രൂപ , 2025-26 ൽ 750 കോടി രൂപയും 2026-27ൽ 750 കോടി രൂപയും എന്ന രീതിയിൽ സർക്കാർ ഗ്യാരണ്ടിയോടെ ഹഡ്കോയിൽ നിന്നും കെ.യു.ആർ . ഡി.എഫ്.സി മുഖേന വായ്പയെടുക്കുന്നതിന് താഴെ പറയുന്ന വ്യവസ്ഥകളോടെ തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. വായ്പയുടെ മുതൽ തിരിച്ചടവ് 15 വർഷം കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും ഉറവിടത്തിൽ വച്ച് കുറവ് ചെയ്തു കെ.യു.ആർ.ഡി.എഫ്.സി മുഖേന ഹഡ്കോയ്ക്ക് നൽകേണ്ടതാണ്.

ii. വായ്പയുടെ പലിശ സർക്കാർ ഓരോ വർഷവും ബജറ്റ് വിഹിതത്തിൽ നിന്നും ഒടുക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ അദീല അബ്ദുള്ള ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

റീജിയണൽ ചീഫ്, ഹഡ്കോ, സാഫല്യം കോംപ്ലക്സ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ധനകാര്യ( PU -B )വകുപ്പ്(No.2687588/PU-B3/5/2024-FIN ) പ്രകാരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി,

തിരുവനന്തപുരം

പൊതുഭരണ(എസ്.സി) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
Date: 21-08-2025 17:41:15
സെക്ഷൻ ഓഫീസർ